## 2. നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### എൻഡോസൾഫാൻ കീടനാശിനിമൂലം രോഗബാധിതരായവരെ കണ്ടെത്താനായി നടത്തിയ സർവ്വേകൾ

1 (573) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എൻഡോസൾഫാൻ കീടനാശിനിമൂലം രോഗബാധിതരായവരെ കണ്ടെത്താനായി ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എന്തൊക്കെ സർവ്വേകളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) കാസർഗോഡ് ജില്ലയിലെ ദുരിതബാധിത പ്രദേശങ്ങളായ പതിനൊന്നു പഞ്ചായത്തുകളിലും ഇത്തരത്തിലുള്ള വിശദമായ ആരോഗ്യ സർവ്വേ പൂർത്തിയാക്കിയോ ;

(സി) പ്രസ്തുത സർവ്വേയിലൂടെ ഈ പ്രദേശത്തെ കീടനാശിനിമൂലം രോഗബാധിതരായ മുഴുവൻ പേരുടേയും വിശദവിവരങ്ങൾ ശേഖരിക്കാനായോ ;

(ഡി) കാസർഗോഡ് ജില്ലയ്ക്ക് പുറമേ സംസ്ഥാനത്തെ മറ്റേതൊക്കെ ജില്ലകളിലാണ് ഇത്തരം രോഗബാധിതർ ഉള്ളതായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇതുസംബന്ധിച്ച സമഗ്രമായറിപ്പോർട്ടും ലിസ്റ്റും ഹൈക്കോടതിക്ക് സമർപ്പിക്കുകയുണ്ടായോ ;

(എഫ്) ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പ് തയ്യാറാക്കിയ റിപ്പോർട്ടിന്റെയും സമഗ്രമായ ലിസ്റ്റുകളുടേയും പകർപ്പുകൾ ലഭ്യമാക്കുമോ ;

ഉത്തരം

(എ-ഡി) കാസർഗോഡ് ജില്ലയിൽ നടത്തിയ സർവ്വേയിൽ 2836 പേരെ എൻഡോസൾഫാൻ ദുരിതബാധിതരായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സർവ്വേയിലൂടെ രോഗബാധിതരുടെ വിശദവിവരങ്ങൾ ശേഖരിക്കുകയുണ്ടായി. നവംബർ മാസത്തിൽ ഇടുക്കി, വയനാട്, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ എൻഡോസൾഫാൻ ഉപയോഗിക്കപ്പെടുന്നതായി ആരോപിക്കപ്പെട്ട പ്രദേശങ്ങളിൽ ആരോഗ്യവകുപ്പ് ജീവനക്കാരും ആശാ വോളണ്ടിയർമാരും വഴി പ്രാദേശിക സർവ്വെ നടത്തിയിരുന്നു. ഈ സർവ്വേയിൽ ഇടുക്കിയിൽ 5 പേരും വയനാട്ടിൽ 931 പേരും കോഴിക്കോട് 3 പേരും പാലക്കാട് 46 പേരും ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവരായി കണ്ടെത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇല്ല.

(എഫ്) ജില്ലാ മെഡിക്കൽ ഓഫീസർ, കാസർഗോഡ് നടത്തിയ എൻഡോസൾഫാൻ ദുരിത ബാധിതരുടെ സർവ്വെ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു. †

**എൻഡോസൾഫാൻ ദുരിതബാധിതരുടെ കണക്ക്**

**2 (574)** ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻഡോസൾഫാൻ കീടനാശിനി തളിച്ച പ്രദേശങ്ങളിൽ ദുരിതബാധിതരെ കണ്ടെത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ ;

(ബി) സർവ്വേ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് പൂർത്തീകരിച്ചിട്ടുണ്ടോ ;

(സി) എത്രപേർ ദുരിതബാധിതരാണെന്ന കണക്ക് ലഭ്യമാണോ ;

(ഡി) ദുരിതബാധിതരെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ-സി) കാസർഗോഡ് ജില്ലയിൽ നടത്തിയ സർവ്വേയിൽ 2836 പേരെ എൻഡോസൾഫാൻ ദുരിതബാധിതരായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ 2010 നവംബറിൽ ഇടുക്കി, വയനാട്, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ എൻഡോസൾഫാൻ ഉപയോഗിപ്പെടുന്നതായി ആരോപിക്കപ്പെട്ട പ്രദേശങ്ങളിൽ ആരോഗ്യവകുപ്പ് ഫീൽഡ് വിഭാഗം ജീവനക്കാരും ആശാ വോളണ്ടിയർമാരുംവഴി പ്രാദേശിക സർവ്വെ നടത്തിയിരുന്നു. ഈ സർവ്വേയിൽ ഇടുക്കിയിൽ 5 പേരും വയനാട്ടിൽ 931 പേരും കോഴിക്കോട് 3 പേരും പാലക്കാട് 46 പേരും ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവരായി കണ്ടെത്തിയിട്ടുണ്ട്. കൂടുതൽ വിദഗ്ദ്ധ പരിശോധനകൾവഴി മാത്രമേ എൻഡോസൾഫാനുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നമാണോയെന്ന് പറയാൻ കഴിയുകയുള്ളൂ.

(ഡി) കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ച എൻഡോസൾഫാൻ ദുരിതബാധിത പരിഹാര സെല്ലിലേക്ക് 2006-ൽ 50 ലക്ഷം രൂപ അനുവദിച്ചു. വിവിധ വർഷങ്ങളായി കാസർഗോഡ് ജില്ലാ പഞ്ചായത്ത് 20 ലക്ഷം രൂപ പുനരധിവാസ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. ഈ ഫണ്ട് ഉപയോഗിച്ച് പ്രൈമറി ഹെൽത്ത് സെന്ററിൽന്റേയും

† അനുബന്ധം

LIBRARY ARCHIVES Kerala Legislative Assembly